# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025 - 26

S S K A S N U P S

Thekkegramam

# ചരിത്രം.

പാലക്കാട് ജില്ലയിലെ ചിറ്റൂർ ഉപജില്ലയിൽ ശോകനാശിനിപ്പുഴയുടെ തീരത്ത് തെക്കേഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് എസ്.എസ്.കെ.എ. എസ്.എൻ.യു.പി.എസ് (ശ്രീ സ്വർണ്ണ കാമാക്ഷി അംബിക സരസ്വതി നിലയം അപ്പർ പ്രൈമറി സ്കൂൾ) 1929 ലാണ് ഇത് സ്ഥാപിതമായത്. '96' വർഷമായി തുടരുന്ന അറിവിന്റെ വിളക്കായി പ്രവർത്തിച്ചു വരുന്നു. മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് എഴുത്തച്ഛന്റെ അന്ത്യവിശ്രമസ്ഥലമായ നിളാനദീതീരത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.

തുടക്കത്തിൽ SUP സ്കൂൾ എന്ന പേരിൽ അറിയപ്പെട്ട ശ്രീ സദാശിവഅയ്യർ സ്ഥാപിച്ച ഈ വിദ്യാലയം, ചിറ്റൂർ-തത്തമംഗലം നഗരസഭയിലെ ഏക എയ്ഡഡ് സ്ഥാപനമാണ്. സമൂഹത്തിലെ ഉന്നതസ്ഥാനം വഹിക്കുന്ന നിരവധി വ്യക്തിത്വങ്ങളെ വാർത്തെടുക്കുവാൻ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

1. ഓരോ കുട്ടിയെയും പരിഗണിച്ചുകൊണ്ട് പഠനാന്തരീക്ഷം തയ്യാറാക്കുക.

2. ലഘുപഠനമാതൃകകൾ, പഠന ഗ്രൂപ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, Projectകൾ തുടങ്ങിയ പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുന്നു.

3. ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക.

4. പച്ചക്കറി കൃഷി, ഔഷധത്തോട്ടം എന്നിവ നിർമ്മിച്ച് അവ പഠനത്തിന്റെ ഭാഗമാക്കുക

5. പ്ലാസ്റ്റിക് മുക്ത വിദ്യാലയം ആക്കൽ

6. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് ലക്ഷ്യം

7, മുഴുവൻ വിദ്യാർത്ഥികളെയും എഴുത്തിലും വായനയിലും മികച്ചവരാക്കുക

8. കൂടുതൽ വിദ്യാർത്ഥികൾക്ക് LSS, USS, പരീക്ഷകളിൽ വിജയം കരസ്ഥമാക്കുക

9. വിദ്യാലയത്തിന് ഒരു fruit bud, ശലഭോദ്യാനം കായിക പരിശീലനം കുറച്ചുകൂടി കാര്യക്ഷമമാക്കുക

## മികവുകൾ

- ഓരോ ക്ലാസിലെയും പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ് സമയത്ത് പുറമെയുള്ള സമയത്ത് പഠന പിന്തുണ നൽകുന്നു.
- നിരന്തര മൂല്യ നിർണയവും, ക്ലാസ് പി.ടി.എയും, പരിഹാര പിന്തുണയും നൽകുന്നു.
- സ്കൂളിൽ കുട്ടികൾ പച്ചക്കറിത്തോട്ടവും, പൂന്തോട്ടവും ഒഴിവ് സമയത്ത് പരിപാലിക്കുന്നു.
- LSS, USS പരിശീലനം അധ്യയന വർഷം തുടക്കം മുതൽ നൽകി വരുന്നു.
- വിവിധ സ്കോളർഷിപ്പ് പരീക്ഷയിലും, ക്ലബ്ബ് പ്രവർത്തനങ്ങളിലും, ശാസ്ത്ര മേള പ്രവൃത്തി പരിചയ മേള എന്നിവയിലും കുട്ടികൾ മുന്നിൽ നിൽക്കുന്നു.
- സ്കൂളിൽ ഒരു ചോക്ക് നിർമ്മാണ യൂണിറ്റ് ഉണ്ട്. സ്കൂളിലേയ്ക്ക് ആവശ്യമായ ചോക്ക് കുട്ടികൾ തന്നെ നിർമിക്കുന്നു.
- സ്കൂളിൽ ലൈബ്രറി പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ക്ലാസുകളിൽ വായനാമൂല ഉണ്ട്.
- സ്കൂൾ അസംബ്ലിയിൽ വായനാകുറിപ്പുകൾ, G.K ചോദ്യങ്ങൾ, പുസ്തക പരിചയം, എന്നിവ അവതരിപ്പിക്കുന്നു. ഓരോ ദിവസം 3 മുതൽ 7-ാം ക്ലാസ് വരെയുള്ള ഓരോ ക്ലാസുകാരാണ് അസംബ്ലി നടത്തുന്നത്.
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയമാക്കി മാറ്റാൻ വേണ്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു വരുന്നു.

# പരിമിതികൾ

* മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിച്ച പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിരുന്നില്ല.
* ക്ലാസ് മുറികളിൽ സ്മാർട്ട് ക്ലാസ്റൂം സൗകര്യ- ങ്ങൾ ഇല്ലാത്തതുകൊണ്ട് പൂർണ്ണമായും ICT പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
* ക്ലാസ് പിബ് ഇടങ്ങുന്നതിന് സ്ഥലപരിമിതി- കൾ ഉള്ളതിനാൽ ഫലപ്രദമായി നടപ്പി- ലാക്കാൻ സാധിച്ചിട്ടില്ല.
* അധ്യാപകരുടെ നൂതന വിഭവങ്ങൾ കൈമാറ്റം ചെയ്യുന്നതിൽ പ്രയാസം നേരിടുന്നുണ്ട്.
* വിശാലമായ കളിസ്ഥലത്തിന്റെ അപര്യാപ്തത
* നിരന്തര വിലയിരുത്തൽ നടത്തുന്നുണ്ടെങ്കിലും പലപ്പോഴും രേഖപ്പെടുത്താൻ പ്രയാസം ഉണ്ടായിരുന്നു.

# മലയാളം.

- എഴുത്തും വായനയും പരിപോഷിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ജൂൺ മാസം മുതൽ തന്നെ നടന്നുവരുന്നു.
  [മധുരം മലയാളം]
- അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ
- പത്രവായന - പത്രക്വിസ്.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക അസംബ്ലി.
- പോസ്റ്റർ നിർമ്മാണം
- രചനാ മത്സരങ്ങൾ.
- പുസ്തക വായന.
- വായനാകുറിപ്പ് തയ്യാറാക്കൽ
- ക്വിസ്
- മാഗസിൻ
- അമ്മവായന
- ബാലസഭ.

- വായനാ സാമഗ്രികൾ തയ്യാറാക്കൽ.
- ക്ലാസുകളിൽ വായനാമൂല.
- പിറന്നാൾ പുസ്തകങ്ങൾ
- ചുമർ പത്രിക നിർമാണം.
- ചിത്രശാല.
- ICT സാധ്യത ഉൾപ്പെടുത്തി ~~ict~~
  മലയാളം ലാബ്.
- കവിതയും, കഥയും... കേൾക്കാനുള്ള
  അവസരം ഒരുക്കുന്നു.
- സ്കിറ്റ് അവതരണം.
- നാടകാവതരണം.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന
  കുട്ടികൾക്ക് പ്രത്യേക പരിശീലനം.
- ഡയറി എഴുതൽ.

# ഗണിതം

* ഗണിതം മധുരം പദ്ധതി പ്രകാരം ഗണിതത്തിലെ അടിസ്ഥാന വികാസം വികസിപ്പിക്കുന്നതിനായി ജൂൺ മാസം മുതൽ തന്നെ പരിപാടികൾ ആരംഭിച്ചു.
* ദൈനംദിന കാര്യങ്ങൾ എളുപ്പമാക്കുന്നതിനുവേണ്ടി ജീവിതത്തിൽ വരുന്ന കാര്യങ്ങൾ പ്രശ്ന നിർധാരണ പരിശീലനത്തിലൂടെ കുട്ടികൾക്ക് പറഞ്ഞു കൊടുത്തു.
* ഗണിത പഠന മൂല കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്.
* ആഴ്ചയിൽ ഒരു ദിവസം ഗണിത ക്ലബ്ബിൽ എല്ലാവരും ചേരുകയും രൂപങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുകയും ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ എന്നിവ പറഞ്ഞു കൊടുക്കുന്നു.
* മാസത്തിൽ ഒരുദിവസം ഗണിത ക്വിസ് പരിശീലനം കുട്ടികൾക്ക് നൽകി വരുന്നു.
* മന:കണക്കായി ക്രിയകൾ ചെയ്യാനുള്ള ശേഷി ഗണിത ക്ലബിലൂടെ കൊടുക്കുന്നു.

* ആരോഗ്യകായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സ്കൂളിൽ zumba dance പരിശീലിപ്പിക്കാറുണ്ട്.
* നാടൻ ഭക്ഷ്യമേള നടത്താറുണ്ട്.
* ഔഷധസസ്യങ്ങൾ പച്ചക്കറി കൃഷിയും ഒരുക്കിയിട്ടുണ്ട്.
* മാലിന്യങ്ങൾ വേർതിരിച്ച് ഹരിതസേനയെ ഏൽപ്പിക്കുന്നു.

# ഇംഗ്ലീഷ്

* ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുന്നതിനുമുള്ള ശേഷികൾ വികസിപ്പിച്ചെടുക്കാനായി ജൂൺ മാസം മുതൽ തന്നെ ഇംഗ്ലീഷ് അസംബ്ലി ആരംഭിച്ചിട്ടുണ്ട്.

* ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി ഇംഗ്ലീഷ് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സ്കിറ്റ്, Spell Bee, Story telling, Drama, എന്നിവ തുടങ്ങിയ പ്രവർത്തനങ്ങൾ ജൂൺ മുതൽ തന്നെ ആരംഭിച്ചിട്ടുണ്ട്.

* അസംബ്ലി, CPTA എന്നിവിടങ്ങളിൽ ദിനാചരണങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നുണ്ട്.

* കല, രചന നൈപുണികൾ വികസിപ്പിക്കാനായി ടാലന്റ് ലാബ് പ്രവർത്തിച്ചുവരുന്നു.

* ഇംഗ്ലീഷ് പുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ട്.

* ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതുവാനുമുള്ള ആത്മവിശ്വാസം ഉണ്ടാക്കുന്നതിനായി ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നുണ്ട്.

*

ഹിന്ദി – അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 ( UP)

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. യുപി തലത്തിലുള്ള എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരമാല കളികൾ<br>• വാക്കുകളുടെ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് | അധ്യാപകർ കുട്ടികൾ | ഇല്ല |
| 2. ഹിന്ദി അസംബ്ലി | എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന വാർത്ത, മഹത് വചനങ്ങൾ സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ, ചിന്താവിഷയം മുതലായവ ഉൾപ്പെടുത്തി ഹിന്ദിയുടെ അന്തരീക്ഷം സൃഷ്ടിക്കുന്ന | ജൂൺ മുതൽ മാർച്ച് | ഹിന്ദി ക്ലബ്ബ് | ഇല്ല |
| 3. ദിനാചരണങ്ങൾ ഹിന്ദിയിൽ | പ്രേംചന്ദ് ജയന്തി, ഹിന്ദി ദിവസ്, വിശ്വ ഹിന്ദി ദിവസ് മുതലായ ദിനാചരണങ്ങൾ ആഘോഷിക്കുന്നതിലൂടെ ഹിന്ദിയുടെ മഹത്വം കുട്ടികളിൽ എത്തിക്കുന്ന | ജൂലൈ മുതൽ ജനുവരി | ഹിന്ദി ക്ലബ്ബ് | ഇല്ല |
| 4. ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം. സുരീലി ഹിന്ദി . | റീഡിങ് കാർഡ് വായന പോസ്റ്റർ നിർമ്മാണം ചിത്രകഥ തയ്യാറാക്കൽ | നവംബർ മുതൽ മാർച്ച് | അധ്യാപകർ കുട്ടികൾ | ഇല്ല |